ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അത് പരിശോധിക്കുന്നതാണ്. അതിനെ മിനിമം വേജസിന്റെ പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സംസ്ഥാനത്ത് വിവിധ മേഖലകളിൽ മിനിമം വേജസ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷം മേഖലയിലും ആ കൂലി കിട്ടുന്നില്ല. അതുകൊണ്ട് പ്രഖ്യാപിച്ച മിനിമം വേജസ് തൊഴിലാളികൾക്ക് കിട്ടുമെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : മിനിമം വേജസ് കൊടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും ലേബർ ഉദ്യോഗസ്ഥന്മാരുടെ എൻഫോഴ്സ്മെന്റ് സ്കാഡ് രൂപീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. വളരെ സംഘടിതമായി നിയമലംഘനം നടത്തുന്ന ചില വ്യവസായങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമാണ് കശുവണ്ടി. ആ മേഖലയിൽ സംസ്ഥാനത്തൊട്ടാകെ ശക്തമായ നിലയിൽ എൻഫോഴ്സ്മെന്റ് സംവിധാനമുണ്ടാക്കി പ്രവർത്തിച്ചുകഴിഞ്ഞു. ചില സ്ഥലങ്ങളിലൊക്കെ അതിനെ തടസ്സപ്പെടുത്താൻ കശുവണ്ടിമുതലാളിമാർ ശ്രമിക്കുന്നുണ്ട്. ഇവിടെത്തന്നെ ബഹുമാനപ്പെട്ട എം. എൽ. എ., ശ്രീ. എഴുകോൺ നാരായണൻ ഒരു പരാതി പറയുകയുണ്ടായി. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, മിനിമം വേജസ് നടപടികളെ സംബന്ധിച്ച് പരിശോധിക്കാൻ ചെല്ലുന്ന ഉദ്യോഗസ്ഥന്മാരെ തടസ്സപ്പെടുത്തുക, ഭീഷണിപ്പെടുത്തുക അങ്ങനെയുള്ള നയം സ്വീകരിച്ചാൽ അത്തരം ഫാക്ടറികളുടെ ലൈസൻസ് നഷ്ടപ്പെടുത്തുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. എം. ദാസൻ : കേരളത്തിലെ സിനിമാ തിയേറ്ററുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മിഷനെ നിശ്ചയിച്ചിരുന്നു. ആ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഇതുവരെ ആ റിപ്പോർട്ട് നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സിനിമാ തൊഴിലാളികളുടെ മിനിമം വേതന കമ്മിറ്റി 22-5-1999-ൽ റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെയടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള കരടുവിജ്ഞാപനം മിനിമം വേതന ഉപദേശകസമിതിയുടെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്. ആ കമ്മിറ്റി റിപ്പോർട്ട് കിട്ടിയാലുടൻതന്നെ അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശുദ്ധജലം ലഭ്യമാക്കാൻ നടപടി

3 (*333) ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കാൻ എന്ത് മുതൽമുടക്ക് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) ഗ്രാമീണ ശുദ്ധജല വിതരണത്തിന് കേന്ദ്രസഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഇ) ഇതുസംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ,

(എ) സംസ്ഥാനത്ത് ഒട്ടാകെ 31-3-1999 വരെ ഗാർഹിക വിഭാഗത്തിൽ 6,72,000 കുടുംബങ്ങൾക്ക് (ഉപഭോക്താക്കൾക്ക്) ജലഅതോറിട്ടി വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനുപുറമെ 1,32,000 സ്ട്രീറ്റ് ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി&സി) 2000-മാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന ഒരു പദ്ധതിക്ക് രൂപം നൽകി സംസ്ഥാന സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. ജല അതോറിട്ടി, ഭൂജലവകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി വാട്ടർ അതോറിറ്റിക്ക് 795.78 കോടി രൂപയും ഭൂജലവകുപ്പിന് 67.12 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 560.50 കോടി രൂപയും, അങ്ങനെ മൊത്തം 1423.50 കോടി രൂപ ആവശ്യമുണ്ട്.

(ഡി) പ്രതിദിനം 40 ലിറ്റർ വെള്ളം ആളോഹരി ലഭ്യമാക്കത്തക്കവിധത്തിലാണ് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ വിഭാവന ചെയ്യേണ്ടത്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) സാധാരണയായി ത്വരിതഗ്രാമീണ പദ്ധതികൾ, അവയുടെ ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം മൂലവും മെറ്റീരിയൽസ്, പൈപ്പ് എന്നിവ വാങ്ങുന്നതിനുള്ള കാലതാമസം മൂലവും ഇവയുടെ പൂർത്തീകരണം നീണ്ട് പോകാറുണ്ട്. ആയതിനാൽ പലപ്പോഴും പദ്ധതിയുടെ ചെലവ് അവയുടെ അടങ്കൽ തുകയെക്കാൾ കൂടുതലായി വരുകയും അങ്ങനെ കൂടുതലായി വരുന്ന തുക കേന്ദ്ര വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നു. ആ തുക കൂടി അനുവദിച്ച് തരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. അതുപോലെതന്നെ പഞ്ചായത്തിൽ നിന്നും പദ്ധതികൾക്ക് ആവശ്യമായ സ്ഥലം കിട്ടുന്നതിന് വളരെയധികം താമസം നേരിടുന്നതുകൊണ്ട്

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം വാങ്ങുന്നതിന് വേണ്ടിവരുന്ന തുക കൂടി എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുത്താൻ അനുവാദം തരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു : 2000 - മാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതായും അതിന് 1,423.50 കോടി രൂപ ആവശ്യമുള്ളതായിട്ടും അങ്ങ് പറഞ്ഞു. ഇപ്പോൾ 2000-മാണ്ട് തീരാൻ ഇനി ഒൻപത് മാസമേ അവശേഷിക്കുന്നുള്ളു.. 2000-മാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ ഇപ്പോൾ എവിടെവരെ ആയി. 1,423 കോടിരൂപ ആവശ്യമാണ് എന്ന് പറഞ്ഞു. അതിന് എത്ര കോടി രൂപ ഇപ്പോൾ നീക്കിവച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : സർ, ഇതിൽ 400 കോടിരൂപ ബോണ്ടുകളിലൂടെയും 75 കോടി രൂപ ബാങ്ക് വായ്പകളിലൂടെയും സ്വരൂപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ പറയുന്ന കാലാവധിക്കുള്ളിൽ ഈ നടപടികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : ഞാൻ ചോദിച്ചതിന് അങ്ങ് ഉത്തരം പറഞ്ഞില്ല. ഞാൻ ചോദിച്ചത് 2000-ാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന പ്രശ്നത്തെക്കുറിച്ചാണ്. 2000 - മാണ്ടിലാണ് എല്ലാവർക്കും എല്ലാം കൊടുക്കാൻ പോകുന്നത്. ഇനി ഒൻപത് മാസമേ അവശേഷിക്കുന്നുള്ളു. ഈ നടപടികൾ എത്രത്തോളം ആയി എന്നാണ് എന്റെ ചോദ്യം. അതിന് മറുപടി പറഞ്ഞിട്ടില്ല. രണ്ടാമത്തെ ചോദ്യം ഞാൻ ചോദിക്കാൻ പോകുന്നതേയുള്ളു. ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞില്ല. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ കണക്കനുസരിച്ച് വെള്ളം കൊടുക്കുന്നുണ്ട് എന്ന് പറയുന്ന മേഖല, ബില്ല് എല്ലാമാസവും കൃത്യമായിട്ട് കൊടുക്കുന്നുണ്ട്. അങ്ങനെയുള്ള പല പ്രദേശങ്ങളിലും യഥാർത്ഥത്തിൽ വെള്ളം കിട്ടുന്നില്ല. അങ്ങനെ വാട്ടർ അതോറിറ്റി വെള്ളം കൊടുക്കുന്നകാര്യത്തിൽ പരാജയപ്പെട്ട മേഖലയിൽ ടാങ്കർ ലോറികളിലെങ്കിലും വാട്ടർ അതോറിറ്റിയുടെ ചെലവിൽ കൂടി വെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അങ്ങനെ കൊച്ചി മേഖലയിൽ ചില സ്ഥലങ്ങൾ ഉണ്ട്. ആ സ്ഥലങ്ങളിലൊക്കെ ടാങ്കർ ലോറിയിലും മറ്റും യുദ്ധകാലാടിസ്ഥാനത്തിൽ വെള്ളം എത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ നേരത്തെ പറഞ്ഞതുപോലെ ജല അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ഭൂജലവകുപ്പും സംയുക്തമായിട്ടാണ് 2000-മാണ്ടോടുകൂടി എല്ലാവർക്കും കുടി വെള്ളം എത്തിക്കാനുള്ള പരിശ്രമം ആരംഭിച്ചിട്ടുള്ളത്. അതായത് 1998-1999-ൽ 65 പദ്ധതികളും, 1999-2000-ത്തിൽ 22 പദ്ധതികളും 2001-ൽ 41 പദ്ധതികളും മൊത്തം 128 പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീമതി റോസമ്മ ചാക്കോ : നൂറ് ശതമാനം കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റുള്ളതാണ് "ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി." 1996-നുശേഷം 2000-മാണ്ട് ഇതുവരെയുള്ള കാലഘട്ടങ്ങളിൽ നമ്മുടെ ഗവൺമെന്റ് എത്ര ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് ശുപാർശ നൽകിയിട്ടുണ്ട് ; എത്ര എണ്ണം അംഗീകരിച്ചു കിട്ടിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇതിന് പ്രത്യേകം ചോദ്യം വേണം.

ശ്രീമതി റോസമ്മ ചാക്കോ : ഇപ്പോൾ വാട്ടർ അതോറിട്ടി നടത്തുന്ന ഓൺ ഗോയിംഗ് വർക്കുകൾ ഉണ്ടല്ലോ ; ആ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്ര വരെയുണ്ട്. ഇതുവരെയായി പരിപൂർണമായും ശുദ്ധജലവിതരണം നടന്നിട്ടുള്ള എത്ര ഗ്രാമങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കുന്നതിന് പ്രത്യേകം മാനദണ്ഡങ്ങളൊക്കെ ഉണ്ട്. അതായത് ഗ്രാമത്തിലെ ജനസംഖ്യയിലും വിസ്തൃതി, പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്ന ഗ്രാമങ്ങളെയാണ് അതിന് സാധാരണ തെരഞ്ഞെടുക്കാറുള്ളത്. എൻ.സി.പി.സി. വില്ലേജുകൾ ശുദ്ധജലവിതരണത്തിന് നിലവാരം കുറഞ്ഞ പ്രദേശങ്ങൾ അങ്ങനെ മൊത്തത്തിലുള്ള ശുദ്ധജലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ആണ് തെരഞ്ഞെടുക്കുന്നത്. ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽപ്പെടുത്തി ഈ വർഷം 33 പദ്ധതികൾക്ക് അനുവാദം തന്നിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അനുവാദം തന്നാൽ അത് മൂന്ന് വർഷത്തിനകം തീർക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ ഒന്നു പകുതി തുക തുടങ്ങുമ്പോൾ തരും. അത് കഴിഞ്ഞാൽ ബാക്കി പണി തീരുമ്പോഴാണ് തരുന്നത്. അതിനെല്ലാം മൂന്ന് വർഷത്തെ കാലാവധിയാണ് ഉള്ളത്. ഈ കാലാവധിക്കൊന്നും പണി തീർക്കാൻ കഴിയുകയില്ല. അതിന്റെ കാരണം എന്താണെന്ന് ചോദിച്ചാൽ സ്ഥലം ലഭിക്കുന്നതിനുള്ള പ്രയാസമാണ്, ഇത് നീണ്ട് നീണ്ട് പോകുന്നത്. അങ്ങനെ നീണ്ട് നീണ്ട് പോയാൽ ഞാൻ നേരത്തെ മെയിൻ ക്വസ്റ്റ്യന് മറുപടി പറഞ്ഞപ്പോൾ പറഞ്ഞു. അതിന്റെ എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുന്നു. ഒരുപാട് ബുദ്ധിമുട്ടുകൾ വരുന്നു. അതുകൊണ്ട് സ്ഥലം വാങ്ങുന്നതിനും വേണ്ടിവരുന്ന തുകകൂടി ഈ എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുത്താൻ അനുവാദം തരണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. കെ. രാജേന്ദ്രൻ : വരൾച്ച രൂക്ഷമായിവരുന്ന ഈ സാഹചര്യത്തിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളിൽ പമ്പ് ഓപ്പറേറ്റർമാരുടെ അപര്യാപ്തത കൊണ്ട്, തുടർച്ചയായി പമ്പിംഗ് നടക്കുന്നില്ല. അതുകൊണ്ട് ഗ്രാമപഞ്ചായത്തുകളുമായി ആലോചിച്ച് തുടർച്ചയായി പമ്പിംഗ് നടത്തുന്നതിനും പമ്പ് ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഓരോ പഞ്ചായത്തിലും ആ പഞ്ചായത്ത് ഏരിയയിൽ തീർന്നിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ ആ പഞ്ചായത്തിനു തന്നെ മൊത്തത്തിൽ വിട്ടുകൊടുക്കാൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ 1,050 ശുദ്ധജലവിതരണ പദ്ധതികൾ പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിന് നോട്ടിഫൈ ചെയ്തിട്ടുണ്ട്. പല പഞ്ചായത്തുകളും അത് ഏറ്റെടുത്തിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളുകളെ നിയമിച്ച് പമ്പിംഗ് ഓപ്പറേഷൻ നടത്താനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. വരൾച്ചാ കാലത്ത് അക്കാര്യം പ്രത്യേകം ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : നമ്മുടെ വലിയ ശുദ്ധജലവിതരണ പദ്ധതികളിൽ പലതും അപര്യാപ്തമാണെന്ന് കാണുന്നു. ബോർവെൽ ആണെങ്കിൽ പലയിടത്തും പരാജയപ്പെട്ടു. ഈ കാര്യങ്ങൾ കണക്കിലെടുത്ത് പ്രാദേശികമായ ജലസ്രോതസുകൾ ഐഡന്റിഫൈ ചെയ്ത് പ്രാദേശിക ശുദ്ധ ജലവിതരണ പദ്ധതികളുടെ ഒരു ശൃംഖല സൃഷ്ടിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതാത് പ്രദേശങ്ങളിലുള്ള ചെറിയ ചെറിയ ജലസ്രോതസ്സുകളെ കണ്ടെത്തി ജനങ്ങളുടെ സഹകരണത്തോടുകൂടി അവിടവിടെ കുടുതൽ വാട്ടർ സപ്ലൈ സ്കീമുകൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളാണ് വേൾഡ് ബാങ്ക് വിഭാവനം ചെയ്തിട്ടുള്ളത്. അങ്ങനെ നാല് ജില്ല അതിന്റെ എക്സ്പിരിമെന്റൽ സ്റ്റേജിലേയ്ക്ക് എടുത്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, തൃശൂർ, പാലക്കാട്. ഈ നാല് ജില്ല എടുത്തതിനുശേഷം മറ്റു ജില്ലയിലേക്ക് വ്യാപിപ്പിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ അത് വളരെ അഡ്വാൻസായി പുരോഗമിച്ചിട്ടുണ്ട്.

ശ്രീ. എം. പി. വർഗ്ഗീസ് : വേൾഡ് ബാങ്ക് സഹായത്തോടുകൂടി പണിതിട്ടുള്ള പല പദ്ധതികളും പ്രത്യേകിച്ച് കുന്നത്തുനാട് അസംബ്ലി മണ്ഡലത്തിൽപ്പെട്ട കിഴക്കംപലത്തുള്ള വാട്ടർ സപ്ലൈ സ്കീം, അത് വളരെ വർഷങ്ങൾക്ക് മുമ്പ് പണിപൂർത്തീകരിച്ചതാണ്. ആ പദ്ധതിയിൽ നിന്ന് വെള്ളം എത്തിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കാരണം വെള്ളം അടിച്ചാൽ പൈപ്പ് പൊട്ടിപ്പോകുകയാണ്. ആ സ്കീം പൂർണ്ണമായും അവിടെ അവസാനിപ്പിച്ച് ഒരു പുതിയ പദ്ധതി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : പ്രത്യേകം ചോദ്യം തന്നാൽ അത് പരിശോധിക്കാം. അതിനെ സംബന്ധിച്ച് എനിക്ക് ഇപ്പോൾ പറയാൻ പറ്റില്ല.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് രണ്ടായിരമാണ്ടിൽ എല്ലാപേർക്കും കുടിവെള്ളം എന്നാണ്. കഴിഞ്ഞ 15 വർഷത്തെ ഈ സഭയിലെ ചോദ്യോത്തരം പരിശോധിച്ചാൽ എല്ലാ മന്ത്രിമാരെക്കൊണ്ടും രണ്ടായിരമാണ്ടിൽ വെള്ളം കൊടുപ്പിക്കുമെന്ന് പറയിപ്പിച്ചിട്ടുണ്ട്. ഞാനും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് രണ്ടായിരമാണ്ട് എന്നതുമാറ്റി 10 വർഷം അപ്പുറത്തേക്ക് നീട്ടി പറയേണ്ടതാണ്. ഇപ്പോൾ എടുത്തിട്ടുള്ള സ്കീമുകളിൽ സ്ഥലത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. സ്ഥലത്തിന്റെ പ്രശ്നം അല്ലാതെ ഫണ്ടിന്റെ അപര്യാപ്തതമൂലം മുന്നോട്ടുപോകാൻ കഴിയാത്ത പ്രോജക്ടുകളുണ്ട്. അത് രണ്ടായിരമാണ്ടിൽ പൂർത്തിയാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : മുടങ്ങിക്കിടക്കുന്ന പദ്ധതികളൊക്കെ ഇപ്പോൾ വളരെ വേഗംതന്നെ കമ്മീഷൻ ചെയ്യുന്നുണ്ട്. കമ്മീഷൻ ചെയ്യുന്നതിന് ധൃതഗതിയിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉദാഹരണത്തിന്, നെടുമങ്ങാട് ആഗ്മെന്റേഷൻ സ്കീം, എത്ര കാലത്തിനു മുമ്പ് തുടങ്ങിയതാണ് ? ഈ

അടുത്തകാലത്ത് വളരെ പണിപ്പെട്ടാണ് അതു കമ്മീഷൻ ചെയ്തത്. അതുപോലെ തിരുവനന്തപുരം ആഗ്മെന്റേഷൻ സ്കീം, അതും ധൃതഗതിയിൽ പ്ലാൻ ചെയ്ത് രണ്ടായിരമാണ്ടിൽ വെള്ളം കൊടുക്കണമെന്ന താൽപ്പര്യത്തോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് സമയബന്ധിതമായി തീർത്തത്. കണ്ണൂർ പട്ടണത്തിൽ ഇപ്പോൾ ജലത്തിനു ക്ഷാമം ഇല്ല. അവിടത്തെ ആഗ്മെന്റേഷൻ പണി പൂർത്തിയായതു കൊണ്ടാണ്. അതുപോലെ ഓരോ സ്ഥലത്തുമുള്ള വാട്ടർ സപ്ലൈ സ്കീം, അവിടുള്ള ജനങ്ങൾക്ക് ആവശ്യമുള്ള വെള്ളം കൊടുക്കത്തക്ക നിലയിലാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഇപ്പോൾ എനിക്ക് ആശങ്ക ഉള്ളത് കൊച്ചി മാത്രമാണ്. ഹഡ്കോ പദ്ധതി തീർന്നു കഴിഞ്ഞാലും കൊച്ചിയിലുള്ള മുഴുവൻ ജനങ്ങൾക്കും വെള്ളം കൊടുക്കുവാൻ കഴിയുമോ എന്ന ആശങ്കയുണ്ട്. ആ ആശങ്ക ഉള്ളതു കൊണ്ടാണ് മൂവാറ്റുപുഴവാലിയിൽ നിന്നോ മറ്റ് എവിടെ നിന്നെങ്കിലും വെള്ളം ശേഖരിച്ച് കൊച്ചിക്ക് വേണ്ടി പദ്ധതിക്ക് രൂപം കൊടുക്കുന്നതിനായി ഉദ്യോഗസ്ഥന്മാരോട് ഒരു പ്രോജക്ട് തയ്യാറാക്കണമെന്ന് പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : ശുദ്ധജലം എത്തിക്കുന്ന പൈപ്പുലൈനുകൾ വളരെ കാലപ്പഴക്കം ചെന്നതാണ്. പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലമായ വൈക്കത്ത് ഏതാണ്ട് 35 വർഷത്തോളം പഴക്കമുള്ള പൈപ്പു ലൈനുകളാണ് ഇപ്പോഴുമുള്ളത്. അതു അടിക്കടി പൊട്ടുന്നതുമൂലം ജനങ്ങൾക്ക് ശുദ്ധജലം കിട്ടാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഴയ പൈപ്പുലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് മിക്ക സ്ഥലങ്ങളിലും പുതിയതായി പദ്ധതികൾ കമ്മിഷൻ ചെയ്യുന്ന അവസരത്തിൽ പൈപ്പ് പൊട്ടുന്നു എന്നുള്ളത് ഒരു സത്യമാണ്. കാലപ്പഴക്കംമൂലവും ഗുണമേന്മ ഇല്ലാത്ത പൈപ്പുകൾ ഇട്ടതുകൊണ്ടും അങ്ങനെ സംഭവിച്ചിട്ടുണ്ട്. ഇതൊക്കെ അപ്പപ്പോൾ റക്ടിഫൈ ചെയ്യാൻ കഴിയുന്നത് റക്ടിഫൈ ചെയ്യുന്നുണ്ട്. പോരാത്തത് ഘട്ടംഘട്ടമായി വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി നോക്കി മാറ്റുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. മാമ്മൻ മത്തായി : ചങ്ങനാശ്ശേരി-തിരുവല്ല മുനിസിപ്പാലിറ്റികളിൽ നേരത്തെ ശുദ്ധജലം എത്തിച്ചുകൊണ്ടിരുന്നത് കുട്ടനാട് വാട്ടർ സപ്ലൈ സ്കീമാണ്. അതിനിടയിലാണ് കല്ലിശ്ശേരി പദ്ധതി കമ്മീഷൻ ചെയ്തത്. കല്ലിശ്ശേരി പദ്ധതിയിൽ നിന്ന് ദിവസേന 9 മണിക്കൂർപോലും വെള്ളം പമ്പ് ചെയ്യാനുള്ള സാഹചര്യമില്ല. വൈദ്യുതി തകരാറുകൊണ്ടും പൈപ്പ് പൊട്ടുന്നതുകൊണ്ടുമാണ്. ആ സാഹചര്യത്തിൽ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് അവിടത്തെ വൈദ്യുതി തകരാർ എന്നെന്നേക്കുമായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; കല്ലിശ്ശേരി പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിന് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചുകൂട്ടുവാൻ തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : യോഗം വിളിച്ചുകൂട്ടാം. അവിടെ എം. എൽ. എ. മാർ തമ്മിൽ തർക്കമുണ്ട്.

ശ്രീ. മാമ്മൻ മത്തായി : അവിടെ ഒരു തർക്കവുമില്ല.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : തർക്കം ഞാൻ പറഞ്ഞുതരാം. ചെങ്ങന്നൂർ എം. എൽ. എ. നിർബന്ധമായും അവിടെ വെള്ളം കൊടുക്കണമെന്ന് പറഞ്ഞാൽ ഈ പദ്ധതിയിൽ നിന്നുതന്നെ കൊടുക്കാം. എന്തായാലും ഒരു കാര്യം ചെയ്യാം, എല്ലാപേരെയുംകൂട്ടി ഒരു യോഗം വിളിച്ച് നമുക്ക് അത് സംബന്ധിച്ച് ചർച്ച ചെയ്യാം.

ശ്രീ. എൻ. കണ്ണൻ : ജനകീയാസൂത്രണ പദ്ധതിപ്രകാരം ജില്ല - ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക പഞ്ചായത്തുകൾക്ക് കൂടി വെള്ളം ലഭിക്കുന്നതിനുവേണ്ടിയായിരുന്നു. അതിന്റെ പ്രവർത്തനം വളരെ ഗൗരവമായി വാട്ടർ അതോറിറ്റി സ്വീകരിക്കാത്തതുകൊണ്ട് അതൊക്കെ മുടങ്ങിക്കിടക്കുകയാണ്. അതു അടിയന്തിരമായി ആരംഭിക്കാനും അതിന്റെ പ്രയോറിറ്റിക്ക് പ്രിഫറൻസ് കൊടുക്കാനും വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഞാൻ ഈയിടെ ഡെപ്പോസിറ്റ് വർക്കുകൾ എവിടെയൊക്കെ മുടങ്ങി കിടക്കുന്നു എന്ന് പരിശോധിച്ചു. അപ്പോൾ മനസ്സിലായത് മെറ്റീരിയൽസും പൈപ്പും വാങ്ങുന്നത് സംബന്ധിച്ച് ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആളില്ല എന്നാണ്. ഡെപ്പോസിറ്റ് വർക്കിന് പൈപ്പ് വാങ്ങേണ്ടത് വാട്ടർ അതോറിറ്റിയുടെ ചുമതലയല്ല. കളക്ടറും ജനകീയാസൂത്രണത്തിന്റെ ഡി. പി. സി ഉദ്യോഗസ്ഥന്മാരും ജില്ലാ പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും കൂടിച്ചേർന്ന ഒരു കമ്മിറ്റിയാണ്. സമയാസമയങ്ങളിൽ അങ്ങനെ വാങ്ങിക്കൊടുത്തിട്ടുള്ള മുഴുവൻ വർക്കുകളും കംപ്ലീറ്റ് ചെയ്ത് കൊടുത്തിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയുള്ള പഞ്ചായത്തുകളിലൊക്കെ അവരുമായി ബന്ധപ്പെട്ട് അടിയന്തിരമായി മെറ്റീരിയൽസും പൈപ്പും വാങ്ങുന്നതിനു നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : ശുദ്ധജല പദ്ധതികൾ നടപ്പാക്കിയിട്ടുള്ള മേഖലകളിൽ എല്ലാ വർഷവും വരൾച്ച അനുഭവപ്പെടുന്ന സമയങ്ങളിൽ വെള്ളത്തിനുവേണ്ടി വളരെ ബുദ്ധിമുട്ടുകയാണ്. പദ്ധതി നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിൽ ആറ്റിൽ തടയണ കെട്ടുന്നതിനുള്ള നടപടി ഉണ്ടാക്കിയെങ്കിലേ വെള്ളം കിട്ടുകയുള്ളു. താൽക്കാലികമായി പഞ്ചായത്തുകളെ ഏൽപ്പിച്ച് തടയണ കെട്ടണം എന്ന ആവശ്യമാണ് ഉന്നയിക്കുന്നത്. വെള്ളത്തിന് കൃത്യമായി കരം ഈടാക്കുന്ന കാര്യത്തിൽ യാതൊരു തടസ്സവും ഇല്ല. ശുദ്ധജല പദ്ധതികൾ നടപ്പാക്കിയിട്ടുള്ള മേഖലകളിൽ തടയണ നിർമ്മിക്കുന്നതിനു ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ തടയണ കെട്ടണം. മഴക്കാലത്ത് നമുക്ക് വെള്ളം ശേഖരിക്കുവാൻ കഴിയുന്നില്ല എന്ന സത്യം നമ്മുടെ മുമ്പിലുണ്ട്. അതായത് രണ്ട് സീസണിലായി 3,000 മില്ലീമീറ്റർ മഴപെയ്യുന്നു. മഴവെള്ളത്തിന്റെ 10 ശതമാനം പോലും കുടിവെള്ളമായി ഉപയോഗിക്കുവാൻ നമുക്ക് കഴിയുന്നില്ല. ആറുകൾ വഴിയും തോടുകൾ വഴിയും ഒക്കെ ഒഴുകിപ്പോവുകയാണ്. ജല സംരക്ഷണം എന്നു പറയുന്നത് നമ്മുടെ ഭാവിയെ സംബന്ധിച്ച് വളരെ ഗൗരവതരമായ വിഷയമായതുകൊണ്ട് പഞ്ചായത്ത് സെമിനാറും മറ്റും നടത്തി ജല സംരക്ഷണത്തിനു

LIBRARY ARCHIVES Kerala Legislative Assembly

ചില പദ്ധതികളൊക്കെ ആസൂത്രണം ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിക്ക് ചില പ്രശ്നങ്ങളുണ്ട്. ഒന്നുകിൽ കുഴൽക്കിണർ അല്ലെങ്കിൽ നദികളാണ്. വാട്ടർ അതോറിറ്റിക്ക് ജലത്തിന്റെ സോഴ്സ് നദികൾ വഴിയാകുമ്പോൾ തീർച്ചയായിട്ടും മഴക്കാലത്ത് തടയണ കെട്ടാത്തതുകൊണ്ട്, നദികളുടെ സംരക്ഷണം അനിവാര്യമാണ്. കഴിഞ്ഞ 10 വർഷത്തോളമായി നമുക്ക് നദികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളില്ല. നേരത്തെ കേന്ദ്ര ഗവൺമെന്റ് തന്നിരുന്ന തുകയുടെ ഒരു ഭാഗം ഉപയോഗിച്ചാണ് നദികളെ സംരക്ഷിച്ചിരുന്നത്. ഇപ്പോൾ അതിനുള്ള ഫണ്ട് നമുക്കില്ല. അതുകൊണ്ട് അതിനു കഴിയുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നദികളുടെ സംരക്ഷണത്തിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. ആ പ്രോജക്ടിന് വേൾഡ് ബാങ്കിൽ നിന്നും രണ്ടുകോടിരൂപ നദികളുടെ സംരക്ഷണത്തിന് തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു മാസത്തിനകം തന്നെ പ്രോജക്ട് തയ്യാറാക്കി വേൾഡ് ബാങ്കിന് സമർപ്പിക്കുന്നതാണ്. അതു സംബന്ധിച്ച പ്രാഥമിക ചർച്ചകൾ നടന്നു കഴിഞ്ഞു. നദികളുടെ സംരക്ഷണത്തിലൂടെ ജലസമ്പത്ത് വർദ്ധിപ്പിക്കാം. നദികൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണ് എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

സ്വയം തൊഴിൽ കണ്ടെത്താൻ പദ്ധതികൾ

4 (*334) ശ്രീ. എ. കണ്ാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വെങ്ങാനൂർ പി ഭാസ്കരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഡിപ്പാർട്ടുമെന്റ് മുഖേനയോ കോർപ്പറേഷൻ മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ ധനസഹായം നൽകുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി എന്ത് തുകവരെ വായ്പ നൽകുമെന്നും വായ്പയുടെ എത്ര ശതമാനംവരെയാണ് സബ്സിഡി നൽകുന്നത് എന്നും അറിയിക്കുമോ ;

(ഡി) ഡ്രൈവിംഗ് ലൈസൻസുള്ള പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് പറയാമോ ;

(ഇ) തൊഴിൽരഹിതരായ പട്ടികജാതി വനിതകളുടെ ആഭിമുഖ്യത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന വനിതാ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II

[7-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 3(*333) കാണുക]

ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പരിപാടിയിൻ കീഴിൽ പദ്ധതികൾ താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിലാണ് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്.

1. യാതൊരു വിധത്തിലും ശുദ്ധജല സൗകര്യങ്ങൾ ഇല്ലാത്ത വാർഡുകൾ/ സ്ഥലങ്ങൾ. ഇവയിൽ തന്നെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗം വസിക്കുന്ന വാർഡുകൾക്ക് മുൻഗണന നൽകേണ്ടതുമാകുന്നു.
2. ജലഗുണനിലവാരം മോശമായിട്ടുള്ള പ്രദേശങ്ങൾ.
3. പ്രതിദിനം 40 ലിറ്റർ കുടിവെള്ള ലഭ്യതയില്ലാത്ത പ്രദേശങ്ങളിൽ 40 ലിറ്ററെങ്കിലും ആയി ഉയർത്തുവാൻ.
4. ശുദ്ധജല ലഭ്യതയില്ലാത്ത സ്കൂളുകൾ, അംഗൻവാടികൾ എന്നിവയ്ക്ക്.

ഈ പരിപാടിയിൻ കീഴിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

പ്രാധാന്യം	ശതമാനം
എ. ഗ്രാമീണ ജനസംഖ്യ	40%
ബി. ഗ്രാമപ്രദേശങ്ങൾ കൂടുതൽ ഉള്ളതും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ സംസ്ഥാനങ്ങൾ	35%
സി. എൻ. സി./പി. സി. വില്ലേജുകൾ (2:1 അനുപാതം)	10%
ഡി. ജലത്തിന്റെ ഗുണനിലവാരം മോശമായ വില്ലേജുകൾ	5%
ഇ. മൊത്തത്തിലുള്ള ശുദ്ധജല ലഭ്യതയുടെ അടിസ്ഥാനത്തിൽ	10%
ആകെ	100%

ത്വരിത ഗ്രാമീണ പരിപാടിയുടെ സഹായ ധനം 100% ഗ്രാന്റാണ്. ഈ തുക രണ്ടു തവണകളായിട്ടാണ് അനുവദിച്ചു വരുന്നത്. ആദ്യ തവണ (അതത് സാമ്പത്തികവർഷം അനുവദിച്ച തുകയുടെ പകുതി) സാധാരണയായി ഏപ്രിൽ മാസത്തിലാണ് നൽകി വരുന്നത്. ബാക്കിയുള്ള തുക പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly